DESPATCHED
On 30/11/21.....



9/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.27(6)/2021/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.780/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി. കെസിയമോൾ ജോൺ,
എ3, പനക്കൽ,
എം.എ. ബാലകൃഷ്ണൻ റോഡ്,
പവർഹൗസിന് സമീപം, എറണാകുളം-682018
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഗവ. ലോ കോളേജ്,
   കൊച്ചി, എറണാകുളം-682 011

2. അപ്പീൽ അധികാരി &
   ഗവ. ലോ കോളേജ്,
   കൊച്ചി, എറണാകുളം-682 011

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.01.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 15.02.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021, എറണാകുളം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരി | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. കെസിയമോൾ ജോൺ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടിയിൽ സാക്ഷ്യപ്പെടുത്താത്ത പകർപ്പുകളാണ് ലഭിച്ചതെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ നിയമനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരി 25.11.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, 24.11.2020 ൽ നടന്ന മൂന്നാം വർഷ LLB സ്പോട്ട് അഡ്മിഷന് എത്ര വിദ്യാർത്ഥികൾ എൻറോൾ ചെയ്തുവെന്നും എൻറോൾമെന്റ് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും 24.11.2020 ൽ നടന്ന മൂന്നാം വർഷ LLB സ്പോട്ട് അഡ്മിഷനിൽ ജനറൽ കാറ്റഗറിയിൽ എത്ര വിദ്യാർത്ഥികൾ എൻറോൾ ചെയ്തുവെന്നും എൻറോൾമെന്റ് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടി സാക്ഷ്യപ്പെടുത്തി

നൽകിയില്ലെന്നു കാണിച്ച് ടിയാൾ 01.01.2021 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നില്ല.

3. രണ്ടാം എതിർകക്ഷി 15.02.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾ നൽകിയിരുന്നുവെന്നും ആയത് സാക്ഷ്യപ്പെടുത്തി നൽകിയില്ലെന്നു കാണിച്ച് ടിയാൾ അപ്പീൽ അപേക്ഷ നൽകിയിരുന്നുവെന്നും ആയതിനു ശേഷം എല്ലാ പകർപ്പുകളും സാക്ഷ്യപ്പെടുത്തി നൽകിയെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ 25.11.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 24.12.2020 തീയതി മറുപടിയും പകർപ്പുകളും നൽകിയതായി കാണുന്നു. എന്നാൽ ടി പകർപ്പുകൾ സാക്ഷ്യപ്പെടുത്താതെയാണ് നൽകിയതായി കാണുന്നത്. ആയതിനാൽ ടിയാൾ 01.01.2021 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമപ്രകാരം കുറ്റകരമാണ്. രണ്ടാം എതിർകക്ഷി മേലിൽ ഇത്തരം പ്രവൃത്തി ആവർത്തിക്കാതിരിക്കാൻ കമ്മീഷൻ ശക്തമായി രണ്ടാം എതിർകക്ഷിയെ താക്കീത് ചെയ്യുന്നു. ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ മുഴുവനും നൽകിയതായി ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകി. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൾ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിവരാവകാശ

അപേക്ഷകൾക്ക് പകർപ്പുകൾ നൽകുമ്പോൾ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആണ് നൽകേണ്ടത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളും പകർപ്പുകളും ലഭ്യമായതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 09-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp